I ഇ.ബി. XIII – കേരള നിയമസഭ/IV - 3

**പതിമൂന്നാം കേരള നിയമസഭ**

**നാലാം സമ്മേളനം**

**നിയമസഭാ നടപടികൾ - സംഗ്രഹം**

**(ചോദ്യോത്തരങ്ങൾ ഒഴികെ)**

**2012 മാർച്ച് 5, തിങ്കൾ**

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**തിരുത്തിയ ഉത്തരം**

02-03-2010-ലെ 301, 20-10-2011-ലെ 4502, 16-02-2011-ലെ 1060 എന്നീ നമ്പർ ചോദ്യങ്ങളുടെ തിരുത്തിയ ഉത്തരം

പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 2010 മാർച്ച് 2-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 301-ാം നമ്പർ ചോദ്യത്തിന്റെയും, പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2011 ഒക്ടോബർ 20-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 4502-ാം നമ്പർ ചോദ്യത്തിന്റേയും തിരുത്തിയ ഉത്തരങ്ങൾ മുഖ്യമന്ത്രിയും പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനേഴാം സമ്മേളനത്തിലെ 2011 ഫെബ്രുവരി 16-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 1060-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രിയും മേശപ്പുറത്തുവച്ചു.

**ചരമോപചാരം**

മുൻ നിയമസഭാംഗങ്ങളായ ഈപ്പൻ വർഗ്ഗീസ്, പി. വിജയദാസ്, എ. എൻ. യൂസഫ്, എം. ഐ. മാർക്കോസ്, കെ. ശ്രീധരൻ എന്നിവരുടെ നിര്യാണം

അഞ്ചും എട്ടും കേരള നിയമസഭകളിലെ അംഗവും കേരളാ കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനുമായിരുന്ന ഈപ്പൻ വർഗ്ഗീസ്, ഏഴാം കേരള നിയമസഭയിൽ അംഗവും കഴിവുറ്റ സഹകാരിയുമായിരുന്ന പി. വിജയദാസ്, അഞ്ചാം കേരള നിയമസഭയിലെ അംഗവും സി.പി.ഐ. നേതാക്കളിൽ ഒരാളുമായ എ.എൻ. യൂസഫ്, നാലാം കേരള നിയമസഭയിലെ അംഗവും ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ സജീവ പ്രവർത്തകനുമായിരുന്ന എം.ഐ. മാർക്കോസ്, ആറാം കേരള നിയമസഭയിലെ അംഗവും സി.പി.ഐ.(എം) മലപ്പുറം ജില്ലാ സെക്രട്ടേറിയറ്റ് അംഗവുമായിരുന്ന കെ. ശ്രീധരൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി അംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

**അടിയന്തരപ്രമേയം**

## മത്സ്യത്തൊഴിലാളികളുടെ സുരക്ഷ

മി. സ്പീക്കർ: കൊല്ലം തീരത്തുനിന്നും മത്സ്യബന്ധനത്തിനുപോയ മത്സ്യത്തൊഴിലാളികളിൽ രണ്ടുപേരെ ഇറ്റാലിയൻ നാവികർ വെടിവച്ചു കൊല്ലുകയും ഇതിന് സാക്ഷിയായ ആൾ ഉൾപ്പെടെ മറ്റ് മൂന്ന് മത്സ്യത്തൊഴിലാളികൾ ബോട്ടിൽ കപ്പലിടിച്ച് മരണപ്പെടുകയും രണ്ടുപേരെ കാണാതാവുകയും ചെയ്തിരിക്കുന്നതുമൂലം തീരപ്രദേശത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങളും ജനങ്ങളാകെയും ഭീതിയിലും അരക്ഷിതാവസ്ഥയിലുമായിരിക്കുന്നതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പി. കെ. ഗുരുദാസൻ, വി.എസ്. സുനിൽ കുമാർ, മാത്യു ടി. തോമസ്, എ. എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 07-02-2012-ന് ശക്തികുളങ്ങരയിൽനിന്നും മത്സ്യബന്ധനത്തിനുപോയ സെന്റ് ആന്റണീസ് എന്ന ബോട്ടിനുനേരെ 15-02-2012-ന് വൈകിട്ട് തൃക്കുന്നപ്പുഴയ്ക്ക് പടിഞ്ഞാറ് കടലിൽവച്ച് എൻറിക്കാ ലെക്സി എന്ന ഇറ്റാലിയൻ കപ്പലിൽനിന്ന് വെടിയേറ്റ് രണ്ടുപേർ മരണപ്പെട്ടതിനെ തുടർന്ന് ആ കപ്പൽ കസ്റ്റഡിയിലെടുക്കുകയും പ്രതികളെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്യുകയും വെടിവയ്ക്കാൻ ഉപയോഗിച്ച ആയുധങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കേസ്

അന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. 26-02-2012-ന് നീണ്ടകരയിൽനിന്നും ഏഴംഗങ്ങളുമായി മത്സ്യബന്ധനത്തിനുപോയ ബോട്ടിൽ 01-03-2012-ന് പുലർച്ചെ ഒരു മണിയോടുകൂടി ചേർത്തല കടലിൽനിന്ന് ഉദ്ദേശം 16 നോട്ടിക്കൽ മൈൽ അകലെവച്ച് ഒരു കപ്പൽ ഇടിച്ചതിനെത്തുടർന്ന് ബോട്ട് പൂർണ്ണമായി തകരുകയും മൂന്നുപേർ മരണപ്പെടുകയും നാലുപേരെ കാണാതാകുകയും രണ്ടുപേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്. സംഭവം അറിഞ്ഞയുടൻ പോലീസ് തെരച്ചിൽ ആരംഭിക്കുകയും വിഴിഞ്ഞം പോർട്ടിലെയും കൊച്ചിൻ കോസ്റ്റൽ പോലീസ് സ്റ്റേഷനിലെയും ബോട്ടുകൾ പട്രോളിംഗ് നടത്തുകയും ചെയ്തു. നാവികസേനയും കോസ്റ്റ് ഗാർഡും ചേർന്നാണ് തെരച്ചിൽ നടത്തിവരുന്നത്. 04-03-2012-ൽ നേവി നടത്തിയ തെരച്ചിലിൽ ബോട്ട് കണ്ടെത്തിയെങ്കിലും സാങ്കേതിക വിദ്യയുടെ അഭാവത്താൽ ഉയർത്താൻ കഴിഞ്ഞിട്ടില്ല. അപകടത്തിൽ മരണപ്പെട്ട ഒരാളുടെ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തി ബന്ധുക്കൾക്ക് കൈമാറി. പരിക്കേറ്റയാളിന്റെ മൊഴിപ്രകാരം വിവിധ വകുപ്പുകൾ അനുസരിച്ച് കേസ് രജിസ്റ്റർ ചെയ്ത് ആലപ്പുഴ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അന്വേഷണം നടത്തിവരുന്നു. അപകടമുണ്ടായ സ്ഥലത്തുകൂടി കടന്നുപോയ 20 കപ്പലുകളിൽ മൂന്നെണ്ണം പരിശോധന നടത്തി. ഇനി പ്രധാനമായും പരിശോധിക്കേണ്ട ഒരു കപ്പൽ ചെന്നൈയിലെത്തുമെന്ന് അറിയിച്ചതിനെത്തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അങ്ങോട്ട് പോയിട്ടുണ്ട്. ബോട്ട് ഉയർത്തുന്നതിനോ കടലിനുള്ളിൽവച്ചുതന്നെ പരിശോധിക്കുന്നതിനോ സാങ്കേതിക വിദഗ്ദ്ധരുള്ള നേവൽ ഷിപ്പിനെ തെരച്ചിലിനുള്ള ചുമതലയേൽപ്പിച്ചിട്ടുണ്ട്. കാണാതായവർക്കുവേണ്ടിയുള്ള തെരച്ചിൽ തുടരുകയാണ്.

അതിനായി കോസ്റ്റ് ഗാർഡിന്റെയും നേവിയുടെയും പൂർണ്ണ പിന്തുണ ലഭിച്ചിട്ടുണ്ട്. ഇന്ന് വൈകുന്നേരം ചേരുന്ന നേവി, കോസ്റ്റ് ഗാർഡ്, ഷിപ്പിംഗ് എന്നീ ഏജൻസികളിലേയും സംസ്ഥാന പോലീസ്, റവന്യൂ, ഫിഷറീസ്, പോർട്ട് എന്നീ വകുപ്പുകളിലെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗത്തിൽവച്ച് തീരപ്രദേശ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനുമുള്ള നടപടികളെക്കുറിച്ച് ചർച്ച ചെയ്യുന്നതാണ്.

<u>ശ്രീ. പി.കെ. ഗുരുദാസൻ</u>: കഴിഞ്ഞ രണ്ടാഴ്ചയ്ക്കകം ഇത്തരം രണ്ട് ദുരന്തങ്ങളാണ് ഉണ്ടായിട്ടുള്ളത്. ഇറ്റാലിയൻ കപ്പലിലെ സൈനികർ തൊഴിലാളികളെ വെടിവച്ച് കൊലപ്പെടുത്തിയതിന് പിന്നാലെ ചേർത്തലയിൽ ബോട്ടിൽ കപ്പലിടിച്ച് മൂന്ന് മത്സ്യത്തൊഴിലാളികൾ മരിക്കുകയും രണ്ടു പേരെ കാണാതാകുകയും രണ്ട് പേർക്ക് പരിക്കുപറ്റുകയും ചെയ്തു. അപകടമുണ്ടായ ഉടൻ മറ്റു ബോട്ടുകളിലെ തൊഴിലാളികൾ സുരക്ഷാ ഏജൻസിയെ വിവരം അറിയിച്ചെങ്കിലും മണിക്കൂറുകൾ കഴിഞ്ഞാണ് അന്വേഷണം ആരംഭിച്ചത്. നാവികസേനയും കോസ്റ്റ്ഗാർഡും മറൈൻ എൻഫോഴ്സ്മെന്റ് വിഭാഗവും വളരെ നിരുത്തരവാദപരമായാണ് പെരുമാറിയത്. ഇറ്റാലിയൻ കപ്പലിൽനിന്നുള്ള വെടിവയ്പിന്റെ ദൃക്സാക്ഷികളായ മൂന്നുപേരാണ് കൊല്ലപ്പെട്ടത്. കപ്പലിൽനിന്നുള്ള വെടിവയ്പുമായി ബന്ധപ്പെട്ട് കർശന നടപടി സ്വീകരിച്ചിരുന്നെങ്കിൽ കപ്പലിടിച്ച സംഭവം ആവർത്തിക്കില്ലായിരുന്നു. മത്സ്യബന്ധനമേഖലയിലെ ചരക്കുകപ്പലുകളുടെ കടന്നുകയറ്റം നിയന്ത്രിച്ച് കോടിക്കണക്കിന് രൂപയുടെ വിദേശനാണ്യം നേടിത്തരുന്ന ഈ മേഖലയിലെ തൊഴിലാളികളെ സംരക്ഷിക്കാൻ സത്വര നടപടി സ്വീകരിക്കണം. തെറ്റായ രീതിയിൽ എഫ്. ഐ.ആർ. എഴുതി കേസ് ഇറ്റലിക്കാർക്ക് അനുകൂലമാക്കാനുള്ള ശ്രമങ്ങളാണ് നടക്കുന്നത്. സംഭവം നടന്ന

സ്ഥലം എവിടെയാണെന്ന് ഇതുവരെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. ഇറ്റലിയുമായിട്ടുള്ള നയതന്ത്ര ബന്ധം തുടരുന്നതോടൊപ്പം കുറ്റവാളികളെ ശിക്ഷിക്കാനും മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് അർഹമായ നഷ്ടപരിഹാരം നൽകുന്നതിനും നടപടിയുണ്ടാകണം. നീണ്ടകരയിൽ ഇന്ന് സംയുക്ത സമര സമിതി ഉപരോധം നടത്തുകയാണ്. മൽസ്യത്തൊഴിലാളികൾക്ക് തൊഴിലെടുക്കാൻ ആവശ്യമായ സുരക്ഷയും 200 നോട്ടിക്കൽ മൈൽവരെ പോയി മൽസ്യബന്ധനം നടത്താനുള്ള അവകാശവും നൽകണം. രാജ്യത്തിന്റെ സുരക്ഷയാണ് ഇപ്പോൾ അപകടത്തിലായിരിക്കുന്നത്. ഡിഫൻസ് ഇന്റലിജൻസിനെക്കൊണ്ട് അന്വേഷിപ്പിച്ച് എഫ്.ഐ.ആർ.-ൽ വന്ന തെറ്റ് തിരുത്തണം. ബോട്ടിൽ ഇടിച്ച കപ്പൽ കൊച്ചിയിൽ കൊണ്ടുവരാത്തതിലും ദുരൂഹത നിലനിൽക്കുന്നു. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി) : ഇറ്റാലിയൻ കപ്പലിൽ നിന്ന് വെടിയേറ്റ് നിരപരാധികളായ രണ്ട് മൽസ്യത്തൊഴിലാളികൾ മരിച്ച സംഭവത്തിൽ ഗവൺമെന്റ് കുറ്റമറ്റ രീതിയിലുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വളരെ വേഗത്തിൽ നേവിയും കോസ്റ്റ് ഗാർഡും ഇടപെട്ട് കപ്പലിനെ കൊച്ചിയിൽ കൊണ്ടുവന്നിട്ടുണ്ട്. ഇറ്റലിക്കാർ നിരവധി വാദങ്ങളുന്നയിച്ചെങ്കിലും അവയൊന്നും ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. ഇന്ത്യൻ നിയമത്തിന് ഇറ്റലി കീഴടങ്ങണമെന്നാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളത്. കേന്ദ്രഗവൺമെന്റ് ഈ വിഷയത്തിൽ പൂർണ്ണമായും സംസ്ഥാന ഗവൺമെന്റിനെ സഹായിച്ചിട്ടുണ്ട്. വെടിയേറ്റ ബോട്ടിലുണ്ടായിരുന്ന ആളുകൾ കൊടുത്ത എഫ്.ഐ.ആർ. പൂർണ്ണമായും ശരിയാണ്. കേസ് ശക്തമായ രീതിയിൽ മുന്നോട്ട് പോകും. എന്ത് കാരണത്താലാണ് വെടിവച്ചതെന്ന് കണ്ടെത്താൻ സാധിച്ചിട്ടില്ല. ഒരു നയതന്ത്ര

ബന്ധത്തിന്റേയും മറവിൽ ഒരാളേയും രക്ഷപ്പെടാൻ അനുവദിക്കില്ല. മുഴുവൻ ആയുധങ്ങളും പിടിച്ചെടുത്തിട്ടുണ്ട്. ആവശ്യത്തിൽ കൂടുതൽ ആയുധങ്ങൾ ആ കപ്പലിൽ ഉണ്ടായിരുന്നതായി തെളിവ് ലഭിച്ചിട്ടുണ്ട്. ഇറ്റലി ഉന്നയിച്ച മുഴുവൻ വാദഗതികളും തെറ്റാണെന്ന് ബോധ്യപ്പെടുത്തുന്ന രേഖകൾ കൈവശപ്പെടുത്തിയിട്ടുണ്ട്. ഇപ്പോൾ ഉള്ള എട്ട് തീരദേശ പോലീസ് സ്റ്റേഷനുകൾക്ക് പുറമെ പത്ത് എണ്ണം കൂടി അനുവദിക്കുന്നതും ആധുനിക സൗകര്യങ്ങളുള്ള ബോട്ടുകൾ ഓടിക്കുന്നതിന് വൈദഗ്ദ്ധ്യമുള്ള ഡ്രൈവർമാരെ ലഭ്യമാക്കുന്നതുമാണ്. കടലിൽ രക്ഷാപ്രവർത്തനം നടത്തുന്നതിന് ഓരോ കോസ്റ്റൽ പോലീസ് സ്റ്റേഷനിലേയും ബോട്ടുകളിൽ നീന്തൽ വൈദഗ്ദ്ധ്യമുള്ള നാല് മത്സ്യത്തൊഴിലാളികളെവീതം കോസ്റ്റൽ സെക്യൂരിറ്റി ഹോംഗാർഡുകളായി നിയമിക്കുന്നതാണ്. തോട്ടപ്പിള്ളി കോസ്റ്റൽ പോലീസ് സ്റ്റേഷൻ ഒരാഴ്ചയ്ക്കുള്ളിൽ പ്രവർത്തനമാരംഭിക്കുന്നതാണ്. മത്സ്യത്തൊഴിലാളികൾക്ക് കടലിൽവച്ച് പെട്ടെന്നുണ്ടാകുന്ന അസുഖങ്ങൾക്ക് അടിയന്തര ചികിത്സ നൽകുന്നതിനായി ഡോക്ടർമാരുൾപ്പെടെയുള്ള മെഡിക്കൽ ടീമിന്റെ സേവനം ലഭ്യമാക്കാനുള്ള സംവിധാനം ഉണ്ടാക്കുന്നതാണ്. സംസ്ഥാനത്തെ കടലോര ജാഗ്രതാ സമിതിയുടെ പ്രവർത്തനങ്ങൾ പൂർവ്വാധികം ഊർജ്ജ്വസ്വലമാക്കുന്നതാണ്. പ്രധാനപ്പെട്ട ഫിഷിംഗ് ഹാർബറുകളുടെ സമീപമുള്ള തീരദേശ പോലീസ് സ്റ്റേഷനുകളിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന 'എമർജൻസി സീ റെസ്ക്യൂ യൂണിറ്റുകൾ' സജ്ജീകരിക്കുന്നതാണ്. വിവിധ വകുപ്പുകളെ ബന്ധപ്പെടുത്തി 'ഫിഷർമെൻ സേഫ്റ്റി മോണിറ്ററിംഗ് സെൽ' രൂപീകരിക്കുന്നതാണ്. ഇന്ന് നടക്കുന്ന ഹൈലെവൽ കോൺഫറൻസിലെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തീരപ്രദേശത്തെ എം.എൽ.എ.-മാരുടെയും മത്സ്യത്തൊഴിലാളി സംഘടനകളുടെയും ഒരു യോഗം

വിളിക്കുന്നതാണ്. മത്സ്യത്തൊഴിലാളികൾ സുരക്ഷാ കാര്യങ്ങൾ കർശനമായി പാലിക്കാൻ തയ്യാറാകണമെന്ന് അവരുടെ സംഘടനകളോട് നിർദ്ദേശിക്കുന്നതാണ്. അവർക്ക് ഏത് വിധത്തിലുള്ള സംരക്ഷണവും പൂർണ്ണമായ പിന്തുണയും നൽകാൻ ഗവൺമെന്റ് തയ്യാറാണ്. സംസ്ഥാനത്തിന്റെ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് അനുകൂലമായ പ്രവർത്തനങ്ങൾ നടത്തുമെന്ന് സർക്കാർ വ്യക്തമായി ഉറപ്പുനൽകുന്നു. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു ടി. തോമസ്, എ.എ. അസീസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**ചെയർമാൻമാരുടെ പാനൽ**

സർവ്വശ്രീ സി.പി. മുഹമ്മദ്, കെ.എൻ.എ ഖാദർ, എം. ചന്ദ്രൻ എന്നീ അംഗങ്ങളെ പതിമൂന്നാം കേരള നിയമസഭയുടെ നാലാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

**ശ്രദ്ധക്ഷണിക്കൽ**

**ആദിവാസി കുടുംബങ്ങളുടെ കുടിയൊഴിപ്പിക്കൽ**

ശ്രീ. എസ് രാജേന്ദ്രൻ : ഇടുക്കി ജില്ലയിലെ പെരിഞ്ചാൻകുട്ടി പ്രദേശത്ത് ഹൈക്കോടതി ഉത്തരവനുസരിച്ച് താമസിച്ചിരുന്ന ആദിവാസി

കുടുംബങ്ങളെ യാതൊരു മുന്നറിയിപ്പുമില്ലാതെ കുടിയൊഴിപ്പിക്കുകയും ജയിലിൽ അടച്ചശേഷം ജാമ്യം നിഷേധിക്കുകയും ചെയ്തിരിക്കുകയാണ്. 2002–2003-ൽ ചിന്നക്കനാലിൽ കൊടുത്തിട്ടുള്ള പട്ടയഭൂമിയിൽ താമസിച്ചിരുന്ന കുടുംബങ്ങളെ കാട്ടാനശല്യം കാരണം പെരിഞ്ചാൻകുട്ടിയിലേക്ക് മാറ്റി താമസിപ്പിച്ചതാണ്. പുനരധിവാസം ലഭ്യമാകുന്നതുവരെ അവിടെ താമസിക്കണമെന്നുള്ള കോടതി ഉത്തരവ് നിലനിൽക്കേ അവരെ അവിടെനിന്നും കുടിയിറക്കുകയാണുണ്ടായത്. അവിടെ താമസിക്കാൻ അർഹതപ്പെട്ട ആളുകൾക്കെങ്കിലും സംരക്ഷണം നൽകണം. അവരുടെ പേരിൽ എടുത്തിട്ടുള്ള കേസ് പിൻവലിക്കുകയും നഷ്ടപരിഹാരം കൊടുക്കുകയും സൗജന്യ റേഷൻ നൽകുകയും വേണം. മരം മുറിച്ച് കടത്തിയവർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ: റിസർവ് വനമായി വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശത്തേക്ക് കടന്നുകയറിയവരെയാണ് ഇപ്പോൾ ഒഴിപ്പിച്ചിരിക്കുന്നത്. ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്ത് ചിന്നക്കനാലിൽ ആദിവാസികൾക്കായി പതിച്ചുനൽകിയ പ്രദേശം കാട്ടാനശല്യംകാരണം വാസയോഗ്യമല്ലെന്ന് കണ്ട് അവർ പെരിഞ്ചാൻകുട്ടിയിലേക്ക് മാറിതാമസിക്കുകയായിരുന്നു. റിസർവ് വനഭൂമിയിൽ താമസിക്കുന്ന അവരിൽ ഒരാൾപോലും അവിടെനിന്നും കുടിയൊഴിപ്പിക്കപ്പെട്ടിട്ടില്ല. വനവാസികളോ ആദിവാസികളോ അല്ലാത്ത, ഇവിടെ കടന്നുകയറി തേക്കിൻതടി അടക്കം മുറിച്ചുകൊണ്ടുപോയവരെയാണ് ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഒഴിപ്പിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് കോടതിയിൽ വിവിധ കേസുകൾ നില

നിൽക്കുന്നുണ്ട്. അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചില്ലെങ്കിൽ കോടതിയ ലക്ഷ്യത്തിന് കേസെടുക്കുമെന്ന ഹൈക്കോടതി നിർദ്ദേശത്തിന്റെ അടിസ്ഥാന ത്തിലാണ് ഇവരെ ഒഴിപ്പിച്ചത്. മുഖ്യമന്ത്രിയുമായി ചർച്ചചെയ്തതിന്റെ അടി സ്ഥാനത്തിൽ പെരിഞ്ചാൻകുട്ടിയിൽ ഇലക്ട്രിസിറ്റി ബോർഡ് റവന്യൂ വകുപ്പിന് തിരിച്ചേൽപ്പിച്ച ഒഴിഞ്ഞുകിടക്കുന്ന സ്ഥലം ഭൂരഹിതരായ സാധാര ണക്കാർക്കും ആദിവാസികൾക്കും മറ്റ് വിഭാഗത്തിൽപ്പെട്ടവർക്കും കൊടുക്കാൻ ആലോചിച്ചുവരികയാണ്. ശ്രീ. എ.കെ. ആന്റണിയുടെ ഗവൺമെന്റിന്റെ കാലത്ത് നൽകിയ ഭൂമിയിൽ താമസിക്കുന്ന ആദിവാസി വിഭാഗത്തിൽപ്പെട്ടവർ നേരത്തെ കൊടുത്ത വനഭൂമി സറണ്ടർ ചെയ്ത് പെരിഞ്ചാൻകുട്ടിയിലേക്ക് മാറി താമസിക്കാൻ തയ്യാറായാൽ അതിനുള്ള അവസരം കൊടുക്കുന്നതാണ്.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>) : കാട്ടാന ശല്യംകൊണ്ട് ചിന്നക്കനാലിൽ നിന്ന് പെരിഞ്ചാൻകുട്ടിയിലേക്ക് മാറ്റി പാർപ്പിച്ച 18 കുടുംബങ്ങളെ ഒഴിപ്പിക്കാൻ തീരുമാനിച്ചിട്ടില്ല. അവർ അവിടെ ത്തന്നെ തുടരും. പെരിഞ്ചാൻകുട്ടി മേഖലയിൽ പട്ടയം കൊടുക്കാനുള്ള സ്ഥലത്തിന് പട്ടയം കൊടുക്കുന്നതിന് ഗവൺമെന്റ് തീരുമാനം എടുത്തി ട്ടുണ്ട്. മൂന്നാർ മേഖലയിൽ കയ്യേറി താമസിച്ചിട്ടുള്ള ആളുകളെ ഒഴിവാക്കി ആ ഭൂമി കണ്ടുകെട്ടുന്നതാണ്.

(രണ്ടാമത്തെ ശ്രദ്ധക്ഷണിക്കലിന് നോട്ടീസ് നൽകിയിരുന്ന അംഗം സീറ്റിലില്ലാതിരുന്നതിനാൽ അവതരിപ്പിക്കപ്പെട്ടില്ല.)

## സബ്മിഷൻ

### (1) മത്സ്യത്തൊഴിലാളികൾക്ക് ആഴക്കടലിൽ വച്ചുണ്ടായ ദാരുണ സംഭവങ്ങൾ

ശ്രീ. ടി. എൻ. പ്രതാപൻ: പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന ബോട്ടുകളിൽ ആധുനിക സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്താനും കടലിൽ ദുരന്തമുണ്ടായാൽ കരയിലേക്ക് ഇലക്ട്രോണിക് സിഗ്നൽ കിട്ടത്തക്കരീതിയിലുള്ള ഉപകരണങ്ങൾ നൽകാനും രക്ഷാ പ്രവർത്തനങ്ങളിലുണ്ടാകുന്ന ഏകോപനത്തിന്റെ പോരായ്മ പരിഹരിക്കുന്നതിന് കൂടുതൽ വെസലുകൾ വാങ്ങുന്നതിനും നടപടി സ്വീകരിക്കണം. ഇന്നലെ കടലിൽനിന്നു കിട്ടിയ സന്തോഷിന്റെ മൃതദേഹം നേവിയുടേയോ കോസ്റ്റ് ഗാർഡിന്റേയോ ബോട്ടിൽ കരയ്ക്കെത്തിക്കാത്തതിനെ സംബന്ധിച്ച് അന്വേഷണം നടത്തണം. മാർഗരേഖയിൽ പറയുന്ന കാര്യങ്ങൾ ഇംപ്ലിമെന്റ് ചെയ്യാനും നിയമം ലംഘിച്ചുകൊണ്ട് മത്സ്യബന്ധന മേഖലയിൽ കൂടി കടന്നുപോകുന്ന ചരക്കുകപ്പലുകളെ നിയന്ത്രിക്കുന്നതിന് സംസ്ഥാന സർക്കാരിന്റേയും കേന്ദ്ര പ്രതിരോധ വകുപ്പിന്റേയും കോസ്റ്റ് ഗാർഡിന്റേയും നേവിയുടേയും സഹായം തേടാനും ലൈഫ് ജാക്കറ്റ് പോലുള്ള സുരക്ഷാ ഉപകരണങ്ങൾ ബോട്ടുകളിൽ ഘടിപ്പിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന യന്ത്രവൽകൃത വള്ളങ്ങൾക്ക് സുനാമി അടിയന്തര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി കടൽ സുരക്ഷാ കിറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്. മൽസ്യത്തൊഴിലാളികൾക്ക് പ്രിന്റ് ചെയ്ത് കൊടുത്തിരുന്ന സുരക്ഷാ കാര്യങ്ങൾ നിർബന്ധപൂർവ്വം നടപ്പിലാക്കുന്നതിന് പരിമിതികളുണ്ട് അപകടത്തിൽപ്പെട്ട് മരണമടഞ്ഞ സന്തോഷിന്റെ മൃതദേഹം കടലിലെ ഓളങ്ങൾ

കാരണം മത്സ്യബന്ധന ബോട്ടിൽനിന്ന് സ്പീഡ് ബോട്ടിലേക്ക് മാറ്റാൻ സാധിക്കാതെ വരികയാണ് ചെയ്തത്. സന്തോഷിന്റെ മരണത്തിനുത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കും. മത്സ്യത്തൊഴിലാളികളുടെ സുരക്ഷയുടെ കാര്യത്തിൽ ഗവൺമെന്റ് മുൻഗണന കൊടുക്കും. സിഗ്നൽ കിട്ടത്തക്കവിധത്തിലുള്ള അത്യാധുനിക ഉപകരണങ്ങൾ ഉപയോഗിക്കും. നിയമത്തിന്റെ മുമ്പിൽ ഇറ്റലി കീഴടങ്ങിയേ മതിയാകൂ എന്നുള്ള ശക്തമായിട്ടുള്ള നിലപാടാണ് ഗവൺമെന്റിനുള്ളത്.

## (2) കല്ലടിക്കോട് പോലീസ് സ്റ്റേഷൻ

ശ്രീ. കെ. വി. വിജയദാസ്: നാല് പഞ്ചായത്തുകൾ ഉൾപ്പെടുത്തിക്കൊണ്ട് കല്ലടിക്കോട് കേന്ദ്രീകരിച്ച് ഒരു പുതിയ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : മണ്ണാർക്കാട് പോലീസ് സ്റ്റേഷന്റെ ജോലിഭാരവും വിസ്തൃതിയും കണക്കിലെടുത്ത് കല്ലടിക്കോട് കേന്ദ്രമായി ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം പരിശോധിച്ചു വരികയാണ്. ഇക്കാര്യം പ്രത്യേകം പരിഗണിക്കുന്നതാണ്.

## (3) കമ്മ്യൂണിറ്റി റിസർവ് മാനേജുമെന്റ് കമ്മിറ്റി

ശ്രീ. കെ. എൻ.എ ഖാദർ: പക്ഷി സങ്കേതമായ കടലുണ്ടി - വള്ളിക്കുന്ന് പ്രദേശത്തെ ടൂറിസം വികസന സാധ്യതകൾ പരിഗണിച്ച് നിലവിലുള്ള കമ്മ്യൂണിറ്റി റിസർവ് മാനേജ്മെന്റ് കമ്മിറ്റിയും ഉപദേശകസമിതിയും പുന:സംഘടിപ്പിക്കാനും 2007-ലെ ഗവൺമെന്റ് ഉത്തരവിലും ബൈലായിലും

ആവശ്യമായ മാറ്റം വരുത്താനും ഒരു ഡെപ്യൂട്ടി റെയ്ഞ്ചറുടെ നേതൃത്വത്തിൽ ആവശ്യമായ സ്റ്റാഫിനെ വച്ച് വള്ളിക്കുന്ന് ഫിറോസ് നഗർ ആസ്ഥാനമാക്കി സംസ്ഥാനത്തെ ആദ്യ കണ്ടൽ ഫോറസ്റ്റ് പോലീസ് സ്റ്റേഷൻ സ്ഥാപിക്കാനും ആവശ്യമായ നടപടി സ്വീകരിക്കണം.

വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ.ബി. ഗണേഷ് കുമാർ): കടലുണ്ടി - വള്ളിക്കുന്ന് കമ്മ്യൂണിറ്റി റിസർവ്വ് മാനേജ്മെന്റ് കമ്മിറ്റിയുടെ പ്രവർത്തനം പരിഷ്കരിക്കുന്നതിനായി ബൈലായിൽ ഭേദഗതി വരുത്തുന്നതിന് വനം വകുപ്പ് നടപടി ആരംഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട നിയമസഭാംഗങ്ങളുമായി ഇക്കാര്യം ചർച്ച ചെയ്ത് ജനപ്രാതിനിധ്യം കമ്മിറ്റിയിൽ ഉറപ്പാക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതാണ്. കടലുണ്ടി - വള്ളിക്കുന്ന് റിസർവ്വ് മാനേജ്മെന്റ് കമ്മിറ്റി ശാസ്ത്രീയ പഠനങ്ങളോടുകൂടി പുന:സംഘടിപ്പിക്കുന്നതിനും നവീകരിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

## (4) ട്രെയിൻ യാത്രക്കാരായ സ്ത്രീകളുടെ സുരക്ഷ

ശ്രീമതി പി. അയിഷാ പോറ്റി: ട്രെയിൻ യാത്രയ്ക്കിടയിൽ സ്ത്രീകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കാനും അവരുടെ സുരക്ഷ ഉറപ്പാക്കാനും അടിയന്തര നടപടി സ്വീകരിക്കണം.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): ട്രെയിൻ യാത്രയിൽ സ്ത്രീകൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി ഒരു പതിനഞ്ചിന പരിപാടി ഡി.ജി.പി. നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. ട്രെയിനിൽ 60-ഓളം പോലീസ് ഉദ്യോഗസ്ഥരെ നിയോഗിക്കാൻ തീരുമാനിക്കുകയും 56 വനിതാ പോലീസുകാരെ നിയോഗിക്കുകയും

ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് റെയിൽവേ ഉറപ്പ് നൽകിയിട്ടുണ്ട്.

### (5) ടോൾ പ്ലാസ്സയിലെ നിരക്കുകൾ കുറയ്ക്കേണ്ടിന്റെ ആവശ്യകത

(ഈ വിഷയം സംബന്ധിച്ച് ശ്രീ. ബി.ഡി. ദേവസ്സിയും നോട്ടീസ് നൽകിയിട്ടുണ്ട്.)

പ്രൊഫ. സി. രവീന്ദ്രനാഥ്: സംസ്ഥാനത്തെ ഉയർന്ന നിരക്കിലുള്ള ടോൾ പിരിവ് കുറയ്ക്കുന്നതിനും സർവ്വീസ് റോഡുകളും ബസ് ബേകളും സിഗ്നലുകളും തെരുവുവിളക്കുകളും കാനകളും പൂർത്തീകരിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം. ഇടപ്പള്ളി ദേശീയപാതയിലെ അതിരൂക്ഷമായ ടോൾ പിരിവ് ഒഴിവാക്കാൻ സത്വര നടപടി സ്വീകരിക്കണം. പാല്യക്കര ടോൾ ബൂത്തിന് 10 കിലോമീറ്റർ ചുറ്റളവിൽ സഞ്ചരിക്കുന്ന ലൈറ്റ് മോട്ടോർ വെഹിക്കിൾസിനും ലൈറ്റ് കമേഴ്സ്യൽ വെഹിക്കിൾസിനും ടോൾ സൗജന്യമാക്കിക്കൊണ്ട് ഇഷ്യൂ ചെയ്തിട്ടുള്ള പാസ് 20 കിലോമീറ്റർ വരെ 5 വർഷത്തേക്ക് സൗജന്യമായി ഇഷ്യു ചെയ്യാനുള്ള നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): മുഖ്യമന്ത്രിയുടെയും പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ പാല്യക്കര ടോൾ ബൂത്തിന് 20 കിലോമീറ്റർ ചുറ്റളവിൽ സഞ്ചരിക്കുന്ന സ്കൂൾ ബസുകളേയും 10 കിലോമീറ്റർ ചുറ്റളവിലുള്ള ലൈറ്റ് വെഹിക്കിളുകളേയും ലൈറ്റ് കൊമേഴ്സ്യൽ വെഹിക്കിളുകളേയും ടോൾ പിരിവിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 10 കിലോമീറ്റർ ചുറ്റളവിൽ പ്രാദേശികമായി ഓടുന്ന ബസുകൾക്ക് ഇപ്പോൾ

നൽകിവരുന്ന പ്രതിമാസ പാസ്സിനുപകരം ഉപഭോക്താവിന്റെ ചെലവിൽ ഒരു വർഷം പ്രാബല്യമുള്ള സ്മാർട്ട് കാർഡ് ഏർപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുന്നതാണ്. ഡി.പി.ആർ..-ൽ ഇല്ലാതിരുന്ന വർക്കുകൾ നടത്തുന്നതിന് വേണ്ടിവരുന്ന 40 കോടി രൂപ എൻ.എച്ച്. അതോറിറ്റി ചെലവാക്കിയില്ലെങ്കിൽ സംസ്ഥാന ഗവണ്മെന്റ് വഹിക്കുമെന്ന് മുഖ്യമന്ത്രി സമ്മതിച്ചിട്ടുണ്ട്.

### (6) കൂളിയാട് കടവ് പാലത്തിന്റെ നിർമ്മാണം

ശ്രീ. എം. ചന്ദ്രൻ: ആലത്തൂർ നിയോജകമണ്ഡലത്തിലെ എരിമയൂർ-മേലാർക്കോട് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കൂളിയാട് കടവ് പാലത്തിന് അടിയന്തരമായി സാങ്കേതികാനുമതി നൽകി നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം..

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): 14-08-2009-ൽ 350 ലക്ഷം രൂപയുടെ ഭരണാനുമതിയും പ്രത്യേകാനുമതിയും ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് 2,40,000 രൂപയുടെ ഭാഗികമായ സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. പാലംപണിയുമായി ബന്ധപ്പെട്ട സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഗവണ്മെന്റ് അടിയന്തര പ്രാധാന്യത്തോടെ പാലം നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

### (7) ജില്ലാ-താലൂക്ക് പുന:സംഘടന

ശ്രീ. സി.പി. മുഹമ്മദ്: കേരളത്തിലെ ജില്ലകളും താലൂക്കുകളും പുന:സംഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): ജനസംഖ്യ, ഭൂവിസ്തൃതി, ത്രിതല പഞ്ചായത്ത് സംവിധാനം, പിന്നോക്കാവസ്ഥ എന്നിവയുടെ അടിസ്ഥാനത്തിൽ താലൂക്കുകളുടെയും വില്ലേജുകളുടെയും പുന:സംഘടന സംബന്ധിച്ച് ലാന്റ് റവന്യൂ കമ്മീഷണറേറ്റും റവന്യൂ വകുപ്പും സംയുക്തമായി 2007-ൽ തയ്യാറാക്കിയ പഠന റിപ്പോർട്ടിന്മേൽ ഇതുവരെ അന്തിമതീരുമാനം എടുത്തിട്ടില്ല. നിയോജകമണ്ഡലങ്ങളുടെ പുന:സംഘടനയിലും ജനസംഖ്യയിലും വന്ന വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ എല്ലാ വശങ്ങളും പരിശോധിച്ചതിനുശേഷം അന്തിമ തീരുമാനം എടുക്കുന്നതാണ്.

## (8) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. ഹൈബി ഈഡൻ : സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളെ ഷോപ്സ് ആന്റ് കമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ്സ് ആക്ടിൽ നിന്ന് മാറ്റി മിനിമം വേജസ് ഉറപ്പാക്കുന്ന പുതിയ ഒരു നിയമത്തിന്റെ കീഴിൽ കൊണ്ടുവരുന്നതിനും നഴ്സുമാരുടെ തൊഴിൽ സംരക്ഷണവും മെയിൽ നഴ്സുമാരുടെ സംവരണവും ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : മിനിമം വേജസ് നടപ്പിലാക്കാത്ത സ്വകാര്യ ആശുപത്രികളെ കേരളത്തിൽ പ്രവർത്തിക്കാൻ അനുവദിക്കുകയില്ല. ബലരാമൻ കമ്മിറ്റിയുടെ പഠന റിപ്പോർട്ട് ലഭിച്ചശേഷം നഴ്സുമാരുടെയും പാരാമെഡിക്കൽ സ്റ്റാഫി

ന്റെയും സേവന - വേതന വ്യവസ്ഥകൾ ക്രമീകരിച്ചുകൊണ്ടുള്ള ഒരു പുതിയ നിയമനിർമ്മാണം നടത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

**(9) സർക്കാർ ആശുപത്രികളിൽ ജീവനക്കാരുടെ അപര്യാപ്തത**

ശ്രീ. എൻ.എ.നെല്ലിക്കുന്ന് : കാസർഗോഡ് ജില്ലയിലെ സർക്കാർ ആശുപത്രികളിൽ വേണ്ടത്ര ഡോക്ടർമാരും ജീവനക്കാരും ഇല്ലാത്തതിനാൽ രോഗികൾക്ക് ചികിൽസ നിഷേധിക്കപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരം കാണണം. പ്രസ്തുത ജില്ലയിൽ നിയോഗിക്കപ്പെടുന്ന ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും പ്രത്യേക പാരിതോഷികം നൽകി പ്രശ്നത്തിന് പരിഹാരം കാണണം.

ആരോഗ്യവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): കാസർഗോഡ് ജില്ലയിൽ സ്പെഷ്യാലിറ്റി കേഡറിലും അഡ്മിനിസ്ട്രേറ്റീവ് കേഡറിലും ഡോക്ടർമാരുടെ ഒഴിവുള്ള തസ്തികകളിൽ സ്ഥാനക്കയറ്റം വഴിയും പി.എസ്.സി.വഴിയും നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. താൽക്കാലികാടിസ്ഥാനത്തിലും ഗ്രാമീണ സേവനം വഴിയും ഒഴിവുകൾ നികത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക് പ്രത്യേക പരിഗണന നൽകുന്ന കാര്യം ആലോചിക്കുന്നതാണ്.

**(10) വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലേക്ക് കൂടുതൽ ബസ്സുകൾ**

ശ്രീ. കെ. അജിത് : വൈക്കം കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ കാലപ്പഴക്കമുള്ള ബസ്സുകൾ മാറ്റി പുതിയ ബസ്സുകൾ അനുവദിക്കുന്നതിനും യാത്രക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഡിപ്പോ സന്ദർശിക്കാനും നടപടി സ്വീകരിക്കണം.

ഗതാഗതവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ) : വൈക്കം ഡിപ്പോയിൽ സ്പെയർ ബസ് ഉൾപ്പെടെ ആകെ 62 ബസ്സുകളാണ് അനുവദിച്ചിട്ടുള്ളത്. അവിടെ ശരാശരി 53 ഷെഡ്യൂൾവരെ ഓപ്പറേറ്റ് ചെയ്യുകയും പുതിയ ഫാസ്റ്റ് പാസഞ്ചർ ബസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ ഡ്രൈവർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുതിയ ബസ്സുകൾ ലഭ്യമാകുന്ന മുറയ്ക്ക് കൂടുതൽ സർവ്വീസുകൾ ഈ ഡിപ്പോയിൽ നിന്ന് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്. അടുത്തയാഴ്ച ഡിപ്പോ സന്ദർശിച്ച് ബുദ്ധിമുട്ടുകൾ നേരിട്ട് മനസ്സിലാക്കുന്നതാണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശകസമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ ആറാമത് റിപ്പോർട്ട് അംഗീകരിച്ചു.

**റൂളിംഗ്**

**ബില്ലിന് അവതരണാനുമതി ലഭിക്കുന്നതിനുമുൻപ് നെറ്റ്വർക്കിൽ പ്രസിദ്ധീകരിച്ചതുസംബന്ധിച്ച്**

മി. സ്പീക്കർ: 2012-ലെ കേരള സംസ്ഥാന സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടേയും പാരാമെഡിക്കൽ ജീവനക്കാരുടേയും സംരക്ഷണ അതോ

റിറ്റി ബില്ലിന്റെ അവതരണാനുമതി തേടിക്കൊണ്ട് ശ്രീ. വി.റ്റി. ബൽറാം എം. എൽ.എ. നൽകിയ നോട്ടീസിനോടൊപ്പം ഉൾക്കൊള്ളിച്ചിരുന്ന ബിൽ നിയമവകുപ്പിന്റെ അഭിപ്രായം ആരാഞ്ഞശേഷം പ്രിന്റ് ചെയ്ത് അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നതിന് 02-03-2012-ൽ ചെയർ അനുമതി നൽകിയിരുന്നു. അവതരണാനുമതിക്കുള്ള പ്രമേയം സഭയിൽ ഏത് ദിവസം അവതരിപ്പിക്കണമെന്ന കാര്യം അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിലാണ് തീരുമാനിക്കുന്നത്. ബില്ലിന്റെ അവതരണാനുമതി സഭ നൽകിയാൽ മാത്രമേ പ്രസ്തുത ബിൽ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുള്ളു. അതിനുശേഷം മാത്രമേ അനൗദ്യോഗിക ബിൽ അവതരിപ്പിക്കുന്ന അംഗത്തിന് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റിക്കോ, സെലക്ട് കമ്മിറ്റിക്കോ, പൊതുജനാഭിപ്രായം ആരായുന്നതിനോ അയയ്ക്കണമെന്നുള്ള പ്രമേയം അവതരിപ്പിക്കാൻ കഴിയൂ. ശ്രീ. വി.റ്റി. ബൽറാം അവതരണാനുമതിക്ക് നോട്ടീസ് നൽകിയിട്ടുള്ള ബിൽ പ്രിന്റ് ചെയ്ത് അംഗങ്ങൾക്കിടയിൽ വിതരണം ചെയ്യുന്നതിന് മുൻപുതന്നെ സോഷ്യൽ നെറ്റ്‌വർക്ക് സൈറ്റുകളിൽ പ്രസിദ്ധീകരിക്കുകയും 13-ാം കേരള നിയമസഭയിൽ അവതരിപ്പിക്കാൻ പോകുന്ന ബിൽ എന്ന പേരിൽ പൊതുജനങ്ങളിൽനിന്ന് അഭിപ്രായം ആരായുകയും ചെയ്തതായി കാണുന്നു. ഇത് തികച്ചും ചട്ടവിരുദ്ധവും നിയമസഭാംഗങ്ങളുടെ അവകാശങ്ങളുടെ ലംഘനവുമാണ്. ഇത്തരത്തിൽ ബിൽ പ്രസിദ്ധീകരിക്കുന്നതിന് സ്പീക്കറുടെ ഓഫീസിൽ നിന്ന് അനുമതി ലഭിച്ചു എന്ന തെറ്റിദ്ധാരണാജനകമായ വാർത്ത ബഹുമാനപ്പെട്ട അംഗം പ്രസ്തുത സൈറ്റിൽ പ്രസിദ്ധീകരിച്ചതായി പത്രറിപ്പോർട്ടിൽ കാണുന്നു. സ്പീക്കറുടെ ഓഫീസിൽനിന്നും അത്തരം ഒരു അനുവാദം നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ തെറ്റായ വിവരം നൽകി

യതിൽ ചെയർ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ആദ്യമായി സഭയിൽ എത്തിയ അംഗമെന്ന നിലയിലും ബോധപൂർവ്വമായി ഉണ്ടായതല്ലാത്ത വീഴ്ച എന്ന നിലയിലും നടപടികൾ ചെയർ ഒഴിവാക്കുന്നു. സഭാസമ്മേളന സമയത്ത് അംഗങ്ങൾ സഭയ്ക്കുള്ളിൽ ഉണ്ടാകണമെന്നും സഭയുടേയും അംഗങ്ങളുടേയും അവകാശം ഹനിക്കുന്ന രീതിയിൽ പെരുമാറുന്നത് കടുത്ത നടപടികൾ സ്വീകരിക്കാൻ ചെയറിനെ നിർബന്ധിതമാക്കുമെന്നും ഓർമ്മിപ്പിക്കുന്നു.

## ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച

ശ്രീ. റ്റി.എ. അഹ്മദ് കബീർ: "2012 മാർച്ച് 1-ാം തീയതി ഗവർണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമസഭാംഗങ്ങൾ ഗവർണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: പ്രമേയത്തെ പിൻതാങ്ങുന്നു.

(സർവ്വശ്രീ മാത്യു ടി. തോമസ്, കെ. രാജു, സി. ദിവാകരൻ, ഇ. ചന്ദ്രശേഖരൻ, മുല്ലക്കര രത്നാകരൻ, വി. ശശി, ഇ.കെ. വിജയൻ, ജി. എസ്. ജയലാൽ, കെ. അജിത്, എം. ചന്ദ്രൻ, എ. എം. ആരിഫ്, ജി. സുധാകരൻ, വി. ശിവൻകുട്ടി, കെ.കെ. നാരായണൻ, വി. ചെന്താമരാക്ഷൻ, കെ. കുഞ്ഞമ്മത് മാസ്റ്റർ, എ. പ്രദീപ്കുമാർ, ആർ. രാജേഷ്, കെ. വി. അബ്ദുൾഖാദർ, കെ. രാധാകൃഷ്ണൻ, കെ. കുഞ്ഞിരാമൻ (ഉദുമ), പി. ശ്രീരാമകൃഷ്ണൻ, ബി. ഡി. ദേവസ്സി, ബി. സത്യൻ, കോടിയേരി ബാലകൃഷ്ണൻ, പി. കെ. ഗുരുദാസൻ, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ), ആർ. സെൽവരാജ്, പി. ടി. എ. റഹീം, സി. കെ. സദാശിവൻ, കോലിയക്കോട് എൻ. കൃഷ്ണൻ നായർ, ഡോ. കെ. റ്റി. ജലീൽ, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതിമാർ ഗീതാ ഗോപി, പി. അയിഷാ

പോറ്റി, കെ.കെ. ലതിക, കെ.എസ്. സലീഖ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നന്ദിപ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.)

<u>ശ്രീ. റ്റി.എ. അഹ്മദ് കബീർ</u>: മെട്രോറെയിൽ, സ്മാർട്ട് സിറ്റി, വിഴിഞ്ഞം പദ്ധതി, കണ്ണൂർ വിമാനത്താവളം, കോച്ച് ഫാക്ടറി തുടങ്ങിയ സംരംഭങ്ങളുമായി ഈ സർക്കാർ മുന്നോട്ട് വന്നത് അഭിമാനകരമാണ്. ഭരണ ഘടനയോടും ജനാധിപത്യ സംവിധാനത്തോടും ഗുണപരമായ പ്രതിബദ്ധത ഈ സർക്കാർ പുലർത്തിയിട്ടുണ്ട്. പുതിയ തൊഴിലവസരങ്ങളുടെ ഒരു ജാലകം തന്നെ തുറന്നിരിക്കുകയാണ്. നിലവിലുള്ള പദ്ധതികൾ സമയബ ന്ധിതമായി പൂർത്തിയാക്കാനുള്ള ആഹ്വാനം ഗവർണ്ണറുടെ പ്രസംഗത്തിൽ കാണാൻ സാധിക്കും. വികസനരംഗത്ത് കേരളത്തെ മുന്നോട്ടുനയിക്കാൻ മാറി മാറി വന്ന സർക്കാരുകൾ മാതൃകാപരമായി പ്രവർത്തിച്ചിട്ടുണ്ട്. ഭരണ ഘടനയുടെ 38, 39 വകുപ്പുകൾ ഫലപ്രദമായി നടപ്പിലാക്കി വിജയിച്ച ചുരുക്കം ചില സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ആഭ്യന്തര ഉത്പാദന രംഗത്തും ജി.ഡി.പി.യുടെ വളർച്ചാ നിരക്കിലും കുറവ് വന്നിരിക്കുന്നതു മൂലം ധനക്കമ്മി കൂടുമോയെന്ന ആശങ്ക നിലവിലുണ്ട്. ലോകത്താകെ അനിശ്ചിതാവസ്ഥ നിലനിൽക്കുന്ന സമയത്താണ് മാതൃകാപരമായ ഒരു ധനമാനേജ്മെന്റ് ഇവിടെ നടപ്പാക്കപ്പെട്ടിരിക്കുന്നത്. ഭരണനിർവ്വഹണ രംഗത്തെ വേഗതയാണ് ഈ സർക്കാരിന്റെ മുഖമുദ്ര. നിക്ഷേപം ആകർഷി ക്കാനും പുതിയ സാമ്പത്തിക വ്യാവസായിക സംരംഭങ്ങൾ കൊണ്ടുവരാനും സഹായകമായ കാലാവസ്ഥയാണ് കേരളത്തിൽ ഇന്നുള്ളത്. ഹൈസ്പീഡ് റെയിൽവേ കോറിഡോറും കൊച്ചി - കോയമ്പത്തൂർ ഇൻഡസ്ട്രിയൽ കോറി ഡോറും വിഭാവനം ചെയ്യുകവഴി സംസ്ഥാനത്തിന്റെ വികസന രംഗത്ത് ഗുണപരമായ മാറ്റമുണ്ടാകുകയാണ്. മാലിന്യ സംസ്കരണ പദ്ധതികൾ, പര

മ്പരാഗത വ്യവസായങ്ങൾ, മുട്ട, പാൽ ഉത്പാദനം എന്നിവയുടെ പ്രാധാന്യം, നെല്ല് സംഭരണത്തിന് ജനകീയ സംവിധാനം, പ്രാദേശിക കുടിവെള്ള പദ്ധതി കൾ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ഈ നയപ്രഖ്യാപന പ്രസംഗം പ്രചോദന മേകുന്നതാണ്. കാരുണ്യാ ബനവലന്റ് ഫണ്ട്, കോക്ലിയർ ഇംപ്ലാന്റേഷനുള്ള സാമ്പത്തികസഹായം തുടങ്ങിയ സാമൂഹ്യക്ഷേമ പദ്ധതികൾ മാതൃകാപര മായി നടപ്പിലാക്കിയിരിക്കുകയാണ്. സേവനാവകാശ നിയമവും പൗരാവ കാശ രേഖയും ഫലപ്രദമായി ജനങ്ങളിലേക്ക് എത്തിക്കാനും സമയബന്ധിത മായി റേഷൻ കാർഡുകൾ വിതരണം ചെയ്യാനും ചെങ്ങറയിലും മൂലമ്പിള്ളി യിലും പ്രതീക്ഷാ നിർഭരമായ മാറ്റങ്ങളുണ്ടാക്കാനും എൻഡോസൾഫാൻ ദുരിതബാധിതർക്ക് സഹായമെത്തിക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. പുതിയ സംരംഭങ്ങളായ സെൽഫ് എന്റർപ്രണർ ഡെവലപ്മെന്റ് മിഷൻ, എമർജിംഗ് കേരള, അടിസ്ഥാന സൗകര്യ വികസനം, ഫുഡ് പ്രോസ്സസ്സിംഗ് എന്നിവ ശ്രദ്ധേയമായി മുന്നോട്ടുപോകേണ്ടതുണ്ട്. നയരൂപീകരണ ത്തിനാവശ്യമായ ശ്രദ്ധയും സ്ഥിരതയും വേണമെന്ന സർക്കാരിന്റെ നയം നയപ്രഖ്യാപന പ്രസംഗത്തിൽ പ്രതിഫലിക്കുന്നുണ്ട്. ആഗോളീകരണത്തിന്റെ പശ്ചാത്തലത്തിൽ സംരംഭകർക്ക് ഇൻഫർമേഷൻ ടെക്നോളജി ഉപയോഗപ്പെ ടുത്തി അവസരങ്ങൾ കണ്ടെത്താൻ കഴിയണം. തൊഴിലവസരങ്ങൾ വർദ്ധി പ്പിക്കാനും പൊതുമേഖലയെ ശക്തിപ്പെടുത്താനും സ്വകാര്യ മൂലധനം സ്വരൂ പിക്കാനും പ്രൊഡക്ടിവിറ്റിയും എഫിഷ്യൻസിയും വർദ്ധിപ്പിക്കാനും കഴി യുന്ന രീതിയിൽ സാമ്പത്തിക രംഗത്ത് ഒരു അഴിച്ചുപണി നടത്താൻ ഈ നയപ്രഖ്യാപന പ്രസംഗം സഹായകമാണ്. സാമ്പത്തിക വളർച്ചയുടേയും സാമൂഹിക വികസനത്തിന്റേയും പാതയിൽ സംസ്ഥാനത്തെ എത്തിക്കുന്നതി നായി വരും വർഷം വിഷൻ 2030 എന്ന ബൃഹത്തായ പദ്ധതി ആവിഷ്ക്കരി

ക്കുന്നതാണ്. വികസനത്തിന്റെ ഒരു വർഷമാണ് നയപ്രഖ്യാപനത്തിന്റെ ഭാഗമായി വരാൻ പോകുന്നത്. ദീർഘവീക്ഷണത്തിൽ അധിഷ്ഠിതമായി എല്ലാവരെയും വിശ്വാസത്തിലെടുത്തുകൊണ്ടുള്ള ഒരു നയരൂപീകരണമാണ് സർക്കാർ അവലംബിച്ചിട്ടുള്ളത്.

<u>ശ്രീ. ജി. സുധാകരൻ</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. ജനാധിപത്യവും സാമൂഹ്യനീതിയും വികസനത്തെ സംബന്ധിച്ച സങ്കൽപ്പങ്ങളുമാണ് നയപ്രഖ്യാപനത്തിൽ ഉണ്ടാകേണ്ടത്. കഴിഞ്ഞ അഞ്ച് വർഷം സംസ്ഥാനത്ത് എല്ലാ വികസന പ്രവർത്തനങ്ങളും തടഞ്ഞുവച്ചു എന്നുപറയുന്നതിലൂടെ ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കണം. സത്യസന്ധമായും നിർഭയത്തോടെയും ഭരണഘടനാപരമായും സർക്കാർ പ്രവർത്തിക്കാൻ തയ്യാറാകണം. സർക്കാർ പരിപാടികളിൽ മുഖ്യമന്ത്രിയുടെയും വകുപ്പുമന്ത്രിമാരുടെയും ഫോട്ടോയോടൊപ്പം ആ ചടങ്ങുമായി യാതൊരു ബന്ധവുമില്ലാത്ത നേതാക്കളുടെ ഫോട്ടോ അടിച്ചുവരുന്നത് ശരിയായ നടപടിയല്ല. യു.ഡി.എഫ്. ഗവൺമെന്റിന്റെ അതിവേഗം ബഹുദൂരമെന്ന മുദ്രാവാക്യത്തിന് സംസ്ഥാന ഭരണവുമായി യാതൊരു ബന്ധവുമില്ലാതായിരിക്കുന്നു. രാഷ്ട്രീയ പ്രതികാരം തീർക്കാൻ ഭരണത്തെ ഉപയോഗിക്കുന്നതും അതിനായി വിജിലൻസിനെ ആയുധമാക്കുന്നതും ശരിയായ നടപടിയല്ല. സർക്കാരുകൾ തുടർച്ചയാണെന്നുള്ളത് വിസ്മരിച്ചുകൊണ്ടുള്ള ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗം ഭരണഘടനാ വിരുദ്ധമാണ്.

<u>ശ്രീ. പി.സി. വിഷ്ണുനാഥ്:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. പ്രതിപക്ഷത്തിന് വിമർശിക്കാൻ സാധിക്കാത്ത തരത്തിലുള്ള ഒരു നയപ്രഖ്യാപന പ്രസംഗമാണിത്. മുഖ്യമന്ത്രിയുടെ ഭരണനൈപുണ്യവും വികസനത്തെക്കുറിച്ചുള്ള വ്യക്തമായ കാഴ്ച്ചപ്പാടും സംസ്ഥാനത്തെ ബഹുദൂരം മുന്നോട്ട്

നയിക്കും. 2030-ൽ കേരളം എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ചുള്ള വ്യക്തമായ ദീർഘവീക്ഷണവും കാഴ്ചപ്പാടുമുള്ള നയപ്രഖ്യാപന പ്രസംഗ മാണ് ഇവിടെ ഗവർണ്ണർ അവതരിപ്പിച്ചിട്ടുള്ളത്. പ്ലാൻ ഫണ്ട് 1,05,000 കോടി രൂപയായി ഉയർത്തിക്കൊണ്ട് പഞ്ചായത്ത് തലത്തിലും പഞ്ചവത്സര പദ്ധതി ആരംഭിക്കാനുള്ള പ്രഖ്യാപനം പ്രശംസനീയമാണ്. വിദേശ ജയിലുകളിൽ കഴിയുവന്നവരെ മോചിപ്പിക്കുന്നതിനായി 'സ്വപ്നസാഫല്യം'പദ്ധതി ആരം ഭിക്കുന്നതിനും തിരുവനന്തപുരത്ത് 'സ്വാതന്ത്ര്യ സമര സ്മാരകം' നിർമ്മിക്കു ന്നതിനുമുള്ള തീരുമാനം അഭിനന്ദനാർഹമാണ്. കേരളത്തിൽ നിയമനനിരോ ധനമുണ്ടെന്ന വ്യാജ പ്രചരണം അവസാനിപ്പിക്കണം. അയ്യായിരത്തിലധികം പുതിയ തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്തുന്നതിനും 2012 ഏപ്രിൽ 30 വരെ പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടിക്കൊടു ക്കുന്നതിനുമുള്ള ധീരമായ തീരുമാനമെടുത്ത ഗവൺമെന്റാണിത്. കെ.എസ്. ആർ.ടി.സി.യിലെ 3,386 എംപാനൽ ജീവനക്കാരെ സ്ഥിരപ്പെടുത്തുകയും അദ്ധ്യാപക പാക്കേജിന്റെ ഭാഗമായി 10,053 അദ്ധ്യാപകരെ സ്ഥിരപ്പെടു ത്തുകയും ചെയ്തിട്ടുണ്ട്. ചെറുപ്പക്കാരുൾപ്പെടെയുള്ളവരുടെ തൊഴിലി ല്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി 'സംരംഭക മിഷൻ' പദ്ധതി നടപ്പിലാക്കി. സർവ്വകലാശാലകളെ വളർത്തിക്കൊണ്ടുവരുന്നതിനായി 'വാക്ക് വിത്ത് എ സ്കോളർ' പദ്ധതിക്ക് രൂപം കൊടുത്തു. ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സ്കോളേഴ്സുമായി ആശയ സംവാദം നടത്തുന്ന തിനുള്ള അവസരമൊരുക്കുന്നതാണ്. നാഷണൽ അക്രഡിറ്റേഷൻ

കൗൺസിൽ മാതൃകയിൽ SAAC ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. പ്രൊഫഷണൽ കോളേജുകളിലെ മുഴുവൻ വിദ്യാർത്ഥികൾക്കും ലാപ്ടോപ്പ് നൽകുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. പട്ടികജാതി കോളനികളിൽ വിജ്ഞാനവാടി പദ്ധതി ആരംഭിച്ചതും പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം നടത്തിയതും ക്യാൻസർ, വൃക്ക, ഹൃദയസംബന്ധമായ അസുഖമുള്ളവർ, ഹീമോഫീലിയ ബാധിച്ച കുഞ്ഞുങ്ങൾ എന്നിവർക്കുവേണ്ടി കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി ആരംഭിച്ചതും അഭിനന്ദനാർഹമാണ്. ഏകദേശം 1300 കി.മീറ്റർ റോഡ് ബി.ഒ.റ്റി ആന്വിറ്റി മാതൃകയിൽ ആരംഭിക്കുന്നതിന് സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ ഉൾപ്പെടുത്തിയതും കുട്ടനാട് ആർ-ബ്ലോക്കിലെ ഭൂമി കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്കിൽനിന്നും ഏറ്റെടുത്ത് തിരിച്ചുകൊടുക്കുന്നതിന് തീരുമാനിച്ചതും ശ്രദ്ധേയമാണ്. ജിം, സ്മാർട്ട് സിറ്റി, വിഴിഞ്ഞം തുറമുഖം, മെട്രോ റെയിൽ, പാലക്കാട് കോച്ച് ഫാക്ടറി എന്നീ വൻകിട പദ്ധതികളിൽ തുടർനടപടികൾ സ്വീകരിക്കാൻ കഴിഞ്ഞു.

ശ്രീ. മാത്യു ടി. തോമസ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. യു.ഡി.എഫ്. സർക്കാർ അധികാരത്തിലിരുന്ന അവസരങ്ങളിലെല്ലാം കെ.എസ്.ആർ.ടി.സി.-യെ തകർക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. 30,000-ത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന കെ. എസ്. ആർ. ടി. സി. യെ സർക്കാരിന്റെ പ്രധാന സ്ഥാപനമായി അംഗീകരിക്കുവാൻ തയ്യാറാകണം. യു.ഡി.എഫ്. ഗവൺമെന്റിന്റെ ഒൻപത് മാസക്കാലത്തെ ഭരണത്തിനിടയിൽ 46 കർഷകരാണ് ആത്മഹത്യചെയ്തിരിക്കുന്നത്. രാസവള സബ്സിഡി

വീണ്ടും വെട്ടിക്കുറച്ചിരിക്കുകയാണ്. വില നിർണ്ണയാവകാശം രാസവള കമ്പനികൾക്ക് നൽകിയതുവഴി കോർപ്പറേറ്റുകൾ ഇവിടേക്ക് കടന്നു വരികയാണ്. റബ്ബറിന്റെ ഇറക്കുമതി തീരുവ ഏഴര ശതമാനമായി വെട്ടി ക്കുറച്ചതുവഴി റബ്ബർ ഇറക്കുമതിക്ക് അവസരമൊരുക്കി. നയമില്ലായ്മയുടെ പര്യായമായി നയപ്രഖ്യാപന പ്രസംഗം മാറിയിരിക്കുകയാണ്. രാഷ്ട്രീയ പാർട്ടികളെ വിശ്വാസത്തിലെടുത്ത് മുല്ലപ്പെരിയാർ വിഷയത്തിൽ നടപടി സ്വീകരിക്കണം. മാലിന്യ നിർമ്മാർജ്ജനത്തിന് ശാസ്ത്രീയമായ പദ്ധതി ആവിഷ്ക്കരിക്കണം. വിദ്യാഭ്യാസ വായ്പയെടുത്ത് പഠനം നടത്തിയ നഴ്സു മാർക്ക് ന്യായമായ ശമ്പളം ലഭ്യമാക്കാൻ സർക്കാർ ഇടപെടണം. വ്യക്തമായ നയങ്ങളോ സമീപനങ്ങളോ ഇല്ലാതെ ഭരണം നിലനിർത്തുക എന്ന തന്ത്രം മാത്രമാണ് ഇവിടെ നടക്കുന്നത്.

ശ്രീ. പി. സി. ജോർജ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. യു.ഡി. എഫ്. സർക്കാർ നഴ്സുമാരുടെ പ്രശ്നങ്ങളെക്കുറിച്ച് പഠിക്കാനും മിനിമം വേജസ് നടപ്പിലാക്കാനുമുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ക്രിയാത്മകമായ പ്രതിപക്ഷമായി പ്രവർത്തിക്കാൻ എൽ.ഡി.എഫ്-ന് കഴി യണം. ഭൂ മാഫിയകൾക്കും പാടങ്ങൾ നികത്തുന്നതിനും എതിരെ വെട്ടിനിര ത്തൽ സമരം നടത്തിയവർ ഭൂമി കൈമാറ്റം ചെയ്യുന്നതിന് അനുകൂലമായ നിലപാടുകളാണ് സ്വീകരിച്ചിട്ടുള്ളത്. പാവപ്പെട്ട പട്ടിക ജനവിഭാഗ ങ്ങളുടേയും ആദിവാസികളുടേയും ദളിത് വിഭാഗങ്ങളുടേയും നേരെയുള്ള എൽ.ഡി.എഫ്.-ന്റെ പീഡനം അവസാനിപ്പിക്കണം.

ശ്രീ. വി. ശിവൻകുട്ടി: നന്ദിപ്രമേയത്തെ എതിർക്കുന്നു. വികസന പ്രവർത്തനങ്ങളുടെ കാര്യത്തിൽ കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന് കേന്ദ്ര സർക്കാരിൽനിന്നും പല അവാർഡുകളും ഏറ്റുവാങ്ങാൻ കഴിഞ്ഞിട്ടുണ്ട്.

ലേബർ ബ്യൂറോ ഓഫ് ഇൻഡ്യയുടെ കണക്കനുസരിച്ച് വിലക്കയറ്റം നിയന്ത്രിക്കുന്നതിൽ പതിനേഴാമത്തെ സ്ഥാനത്താണ് കേരളം എത്തിയിരിക്കുന്നത്. എൽ.ഡി.എഫ്. സർക്കാർ പൂർത്തീകരിച്ച വികസന പ്രവർത്തനങ്ങളുടെ ഉദ്ഘാടന ചടങ്ങുകൾ നടത്തുകയല്ലാതെ ഒരു പദ്ധതിപോലും പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കാര്യക്ഷമമായ ഒരു പ്രവർത്തനവും സംസ്ഥാനത്ത് നടക്കുന്നില്ല. 100 ദിന കർമ്മ പരിപാടികളുടെ പ്രഖ്യാപനങ്ങൾ ഫലവത്താക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടില്ല. കിലോയ്ക്ക് ഒരു രൂപ നിരക്കിൽ സർക്കാർ വിതരണം ചെയ്യുന്ന അരി ഭക്ഷ്യയോഗ്യമല്ല. അവശ്യ സാധനങ്ങളുടെ വില നിയന്ത്രിക്കുന്നതിന് ഫലപ്രദമായ വിപണി ഇടപെടൽ ഉണ്ടാകുന്നില്ല. ആരോഗ്യ രംഗത്ത് പകർച്ചപ്പനിയും പകർച്ചവ്യാധികളും നിയന്ത്രിക്കുന്നതിന് കേന്ദ്രസർക്കാർ സഹായത്തോടുകൂടി നടപടി സ്വീകരിക്കുമെന്ന പ്രഖ്യാപനം നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. സംസ്ഥാനത്ത് ഇന്ന് ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരോ മരുന്നോ ലഭ്യമല്ല. അവിടെ മാനദണ്ഡങ്ങൾ ലംഘിച്ചുകൊണ്ട് സ്ഥലംമാറ്റങ്ങൾ നടക്കുകയാണ്. ഇപ്പോൾ സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം വർദ്ധിപ്പിക്കാനുള്ള ശ്രമമാണ് ഈ ഗവൺമെന്റ് നടത്തുന്നത്. മുഖ്യമന്ത്രിയുടെ ഓഫീസിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കോൾ സെന്റർ തുടങ്ങിയതിനെ നേട്ടമായി കരുതാൻ കഴിയില്ല. സംസ്ഥാനത്തിന് അർഹമായ കേന്ദ്ര സഹായം ലഭ്യമാക്കാൻ ഈ ഗവൺമെന്റിന് കഴിഞ്ഞിട്ടില്ല.

<u>ശ്രീ. കെ.എൻ.എ. ഖാദർ:</u> നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. കാല ഘട്ടത്തിനനുയോജ്യമായ നയമാണ് നയപ്ര്യഖ്യാപനപ്രസംഗത്തിലൂടെ അവത രിപ്പിച്ചിരിക്കുന്നത്. സുതാര്യവും ദിശാബോധവുമുള്ള ഭരണമാണ് കഴിഞ്ഞ ഒമ്പത് മാസക്കാലമായി ഈ സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാ നത്ത് ലക്ഷക്കണക്കിന് ചെറുപ്പക്കാർക്ക് ജോലി ലഭിക്കത്തക്ക വിധത്തിൽ പുതിയ വ്യവസായശാലകളും വികസന സംരഭംങ്ങളും വരുന്നതിന് ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റും പശ്ചാത്തല സൗകര്യവികസനവും ആവശ്യമാ ണ്. ഈ രംഗത്ത് വിദേശമൂലധനവും സ്വദേശ മൂലധനവും ആകർഷി ക്കുവാൻ കഴിയുന്ന വിധത്തിലുള്ള ഭാവനാസമ്പന്നമായ പദ്ധതികളാണ് നയ പ്രഖ്യാപനത്തിലൂടെ അവതരിപ്പിച്ചിട്ടുള്ളത്. പുതിയ പദ്ധതികൾ വരുന്നതോ ടുകൂടി വികസനത്തിന് സഹായകരമായ ഒരു അന്തരീക്ഷം സൃഷ്ടിക്കപ്പെ ടുകയും കേരളം ലോകനിലവാരമുള്ള സംസ്ഥാനമായി മാറുകയം ചെയ്യും

<u>ശ്രീ. വി. ടി. ബൽറാം</u> : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഗവർണ്ണറുടെ പ്രസംഗം വളരെ പ്രതീക്ഷയും പുതിയൊരു ദിശാബോധവുമാണ് ജനങ്ങൾക്ക് നൽകിയിരിക്കുന്നത്. വ്യക്തമായ കാഴ്ചപ്പാ ടിന്റെ അടിസ്ഥാനത്തിൽ കേരളം വലിയൊരു വികസന പാതയിലൂടെയാണ് നീങ്ങുന്നത്. മെട്രോ റെയിൽ, വിഴിഞ്ഞം അന്താരാഷ്ട്ര ട്രാൻസ്ഷിപ്മെന്റ് ടെർമിനൽ, കണ്ണൂർ വിമാനത്താവളം, അതിവേഗ റെയിൽ കോറിഡോർ, മോണോറെയിൽ, പാലക്കാട് റെയിൽ കോച്ച് ഫാക്ടറി തുടങ്ങിയ വൻകിട വികസന പദ്ധതികൾ യാഥാർത്ഥ്യമാകുമെന്ന പ്രതീക്ഷ ജനങ്ങളിൽ ഉണ്ടാ ക്കാൻ കഴിഞ്ഞത് അഭിനന്ദനാർഹമാണ്. നൽകിയ വാഗ്ദാനങ്ങൾ സമയബ ന്ധിതമായി പാലിക്കണമെന്ന നിഷ്ക്കർഷ പുലർത്തുന്ന ഗവൺമെന്റാണിത്. സുതാര്യത ഈ സർക്കാരിന്റെ മുഖമുദ്രയാണ്. കേരളത്തിന്റെ വികസനം

ഉറപ്പു വരുത്താൻ ദീർഘ വീക്ഷണത്തോടുകൂടിയുള്ള നയപരിപാടികളാണ് ഈ സർക്കാർ  സ്വീകരിക്കുന്നത്. മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടി നേട്ടംതന്നെയാണ്.  സർക്കാർ സർവ്വീസ് കൂടുതൽ കാര്യക്ഷമമാക്കണം പെൻഷൻ പ്രായം 55 വയസ്സായിത്തന്നെ നിലനിർത്തണം.  ജനാധിപത്യ സ്ഥാപനങ്ങൾ പുതിയ മാറ്റങ്ങൾ ഉൾക്കൊള്ളാൻ തയ്യാറായാൽ മാത്രമേ ഉദ്ദേ ശിച്ച നേട്ടങ്ങൾ ഉണ്ടാക്കാൻ സാധിക്കുകയുള്ളു.  ജനങ്ങളുടെ അഭിപ്രായ ങ്ങൾ നേരിട്ടറിയുന്നതിനുവേണ്ടിയുള്ള സാങ്കേതിക വിദ്യകൾ പ്രയോജനപ്പെ ടുത്താൻ കഴിയണം. പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത്  കൂടുതൽ തുക വികസനത്തിനായി പ്രയോജനപ്പെടുത്താൻ സാധിക്കുന്നത് അഭിനന്ദ നാർഹമാണ്.  ദീർഘകാലാടിസ്ഥാനത്തിൽ പദ്ധതികൾ ആവിഷ്കരിക്കാനും പ്രായോഗികമാക്കുന്നതിനുംവേണ്ടി  ഗ്രാമപഞ്ചായത്തുകളിലേക്ക്  പഞ്ച വൽസര പദ്ധതി വ്യാപിപ്പിക്കാൻ തീരുമാനിച്ചത് മാതൃകാപരമാണ്. ഗ്രാമസഭ കൾ കൃത്യമായി ചേരുന്നുണ്ടോയെന്നും ഉത്തരവാദിത്വം നിർവ്വഹിക്കുന്നു ണ്ടോയെന്നും പരിശോധിക്കുന്നതിനുള്ള മന്ത്രിയുടെ "ഗ്രാമയാത്ര" ശ്രദ്ധേയ മാണ്.  ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കൂടുതൽ ക്രിയാത്മകമായി പ്രയോജനപ്പെടുത്താൻ ഈ ഗവൺമെന്റിന് കഴിഞ്ഞുവെന്നത് നേട്ടം തന്നെ യാണ്.  പരമ്പരാഗത വ്യവസായ മേഖലയിൽ ഗവൺമെന്റിന്റെ ശക്തമായ ഇടപെടലുണ്ടാകണം. ഖാദി ഉൽപാദന കേന്ദ്രങ്ങളിൽ സജീവ ശ്രദ്ധയുണ്ടാക ണം.  തൃത്താല നിയോജകമണ്ഡലത്തിൽ ഇലക്ട്രോണിക് സിറ്റി പ്രാവർത്തി കമാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീമതി കെ.കെ. ലതിക</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. വികസന സ്തംഭനം നേരിടുന്ന കേരളത്തിൽ വൈദ്യുതി, ജലസേചനം തുടങ്ങിയ മേഖലകളിൽ സ്വകാര്യവൽക്കരണം നടപ്പാക്കാനുള്ള ഗവൺമെന്റിന്റെ സമീപനം ശരിയല്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ കർഷക ആത്മഹത്യ തടയാൻ സാധിച്ചിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വളത്തിന്റെ സബ്സിഡി എടുത്തുകളയാൻ തീരുമാനിച്ചതും നാണ്യവിളകളുടെ വിലസ്ഥിരതയില്ലായ്മയും കാരണം കർഷക അത്മഹത്യ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. മൽസ്യത്തൊഴിലാളികൾക്ക് കടലിൽ പോകാൻ കഴിയാത്തവിധത്തിലുള്ള സ്ഥിതിയാണ് ഇപ്പോൾ സംജാതമായിക്കൊണ്ടിരിക്കുന്നത്. ഭരണഘടനാ ഭേദഗതിയിലൂടെ ത്രിതല പഞ്ചായത്തുകൾക്ക് നൽകിയ അധികാരങ്ങൾ തിരിച്ചെടുക്കുന്നതിനുള്ള ശ്രമം അവസാനിപ്പിക്കണം. ജില്ലാ പഞ്ചായത്തിന്റെ കീഴിലുള്ള റോഡുകളുടെ മെയിന്റനൻസിന് ആവശ്യമായ ഫണ്ട് ലഭ്യമാക്കണം. ശമ്പളം കൊടുക്കാൻപോലും കഴിയാത്ത വിധത്തിൽ കുടുംബശ്രീ സംവിധാനത്തെ തകർക്കുന്ന നിലപാടാണ് യു.ഡി.എഫ്. സർക്കാർ സ്വീകരിക്കുന്നത്. ദേശീയ ഗ്രാമീണ ജീവനോപാധി മിഷൻ കുടുംബശ്രീയിൽനിന്ന് മാറ്റി ജനശ്രീയിലേക്ക് കൊണ്ടുപോകാനുള്ള നീക്കം ഉപേക്ഷിക്കണം. ഒരുപൈസപോലും വകയിരുത്താതെ തന്റേടം ജന്റർ പാർക്കിനെ തകർക്കുന്ന സമീപനവും മഹിളാ പ്രധാൻ ഏജന്റുമാർക്ക് നൽകിവരുന്ന കമ്മീഷനും ആനുകൂല്യങ്ങളും വെട്ടിക്കുറയ്ക്കാനുള്ള നടപടികളും പ്രതിഷേധാർഹമാണ്. വിലക്കയറ്റം തടയാനുള്ള ശക്തമായ നടപടികൾ സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ഒരു രൂപ നിരക്കിൽ 25 കിലോ അരി നൽകിയതും വിദ്യാർത്ഥികൾക്ക് സൗജന്യമായി അഞ്ചുകിലോ അരി ലഭ്യമാക്കിയതും സ്വാഗതാർഹമാണ്. തൊഴിലുറപ്പ് പദ്ധതിയിൽ നൂറ് ദിനങ്ങൾ പൂർത്തിയാക്കിയവർക്ക് കൂടി ഒരു രൂപ നിരക്കിൽ അരി കൊടുക്കാനുള്ള തീരുമാനവും അഞ്ചുലക്ഷത്തിൽപ്പരം കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകിയതും സപ്തധാരാ പദ്ധതി വഴി നാടിന്റെ മുഖഛായ മാറ്റുന്ന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചതും അഭിനന്ദനാർഹമാണ്. 'എമർജിംഗ് കേരള' സംസ്ഥാന വികസനത്തിന് വഴി തെളിക്കുന്ന പദ്ധതിയാണ്. അക്ഷയ, എഡ്യൂസാറ്റ്, സ്മാർട്ക്ലാസ് പദ്ധതികൾ വഴി ഐ.ടി. രംഗത്ത് വൻ കുതിപ്പാണ് ഉണ്ടായിട്ടുള്ളത്. മലയാളം യൂണിവേഴ്സിറ്റിയും പൗരസ്ത്യഭാഷാ സർവ്വകലാശാലയും സാങ്കേതിക സർവ്വകലാശാലയും സ്ഥാപിക്കാനുദ്ദേശിക്കുന്നുവെന്നും പാലക്കാട്ട് ഐ. ഐ.ടി.സ്ഥാപിക്കുമെന്നും 14 വയസ്സിന് താഴെയുള്ള മുഴുവൻ കുട്ടികൾക്കും പഠനം ഉറപ്പുവരുത്തുമെന്നുമുള്ള പ്രഖ്യാപനങ്ങൾ ശ്രദ്ധേയമാണ്. ന്യൂനപക്ഷ പദ്ധതി വയനാട് ജില്ലയിൽ മാത്രമൊതുക്കി മറ്റ് ജില്ലകളിൽ 60-ഓളം വരുന്ന ന്യൂനപക്ഷ കേന്ദ്രീകൃത ബ്ലോക്കുകളിൽ പ്രധാനമന്ത്രിയുടെ 15 ഇന പരിപാടിയിൽപ്പെട്ട മൾട്ടി സെക്ടർ ഡെവലപ്മെന്റ് പ്രോഗ്രാം പോലുള്ള പദ്ധതി നടപ്പാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. ന്യൂനപക്ഷ വകുപ്പിനെ ഒരു സമ്പൂർണ്ണ സെക്രട്ടേറിയറ്റ് വകുപ്പാക്കി മാറ്റിക്കൊണ്ടാണ് ഗവർണ്ണർ പ്രഖ്യാപനം നടത്തിയത്. പട്ടികജാതി വിദ്യാർത്ഥികൾക്ക് 100 ദിനങ്ങൾക്കുള്ളിൽ സൈക്കിൾ നൽകാൻ സാധിച്ചതും പ്രൊഫഷണൽ

കോഴ്സിന് പഠിക്കുന്ന മുഴുവൻ പട്ടികജാതി വിദ്യാർത്ഥികൾക്കും ലാപ്ടോപ് നൽകാനുള്ള തീരുമാനവും പ്രശംസനീയമാണ്. ഇതര സംസ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കായ നഴ്സുമാരുടെ പ്രശ്നങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽകൊണ്ടുവന്ന് പരിഹാരം കാണാൻ നടപടി സ്വീകരിക്കണം. ജയിലിൽ കഴിയുന്ന പ്രവാസികളുടെ കാര്യങ്ങൾ അന്വേഷിക്കുന്നതിന് നിയമ സെൽ ഉണ്ടാക്കുന്നതോടൊപ്പം ജയിൽ മോചിതരാകുന്ന പ്രവാസികളെ നാട്ടിലെത്തിക്കുന്നതിന് സൗജന്യ സംവിധാനങ്ങളൊരുക്കാനും നടപടികൾ സ്വീകരിച്ചത് സ്വാഗതാർഹമാണ്. റോഡുകളുടെ നവീകരണത്തിനുവേണ്ടി 1343 കോടി രൂപയ്ക്കുള്ള പ്രവൃത്തികളാണ് ഇപ്പോൾ നടന്നുവരുന്നത്. മത്സ്യ മേഖല മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി താനൂരിലടക്കം 5 ഫിഷിംഗ് ഹാർബറുകളുടെ നിർമ്മാണപ്രവൃത്തി ഈ വർഷം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചതും ഫിഷറീസ് വില്ലേജുകൾ സ്ഥാപിക്കാനുള്ള തീരുമാനവും ഗ്രാമ സഭകൾ സജീവമാക്കാനുള്ള 'ഗ്രാമ യാത്ര' പരിപാടിയും സ്വാഗതാർഹമാണ്. പാവപ്പെട്ടവർക്ക് അരി, റേഷൻ കാർഡ് എന്നിവ നൽകാനും പാവപ്പെട്ടവരുടെ നമ്പറില്ലാത്ത വീടുകൾക്ക് തിരിച്ചറിയൽ കാർഡിന്റെയോ മറ്റേതെങ്കിലും രേഖയുടെയോ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകാനും നടപടി സ്വീകരിച്ചത് പ്രശംസനീയമാണ്. ഈ ഗവൺമെന്റിന്റെ കാലത്താണ് താനൂർ മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കാൻ സാധിച്ചത്. സൈബർ സിറ്റിയും സ്മാർട്ട് സിറ്റിയും വിദ്യാഭ്യാസ-വ്യാവസായിക രംഗത്ത് മാറ്റങ്ങൾക്ക് വഴിയൊരുക്കുകയാണ്. കോഴിക്കോടിനെ മലബാറിന്റെ സാംസ്ക്കാരിക കേന്ദ്രമാക്കാനുള്ള നടപടി സ്വാഗതാർഹമാണ്. തിരുവനന്തപുരം നഗരത്തിന്റെ മാലിന്യ പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. സി. ദിവാകരൻ</u> : നന്ദിപ്രമേയത്തെ എതിർക്കുന്നു. ഇടതുപക്ഷത്തിനെതിരായിട്ടുള്ള ഒരു കുറ്റപത്രമായിട്ടാണ് നയപ്രഖ്യാപനം അവതരിപ്പിച്ചിരിക്കുന്നത്. വിദേശ കപ്പലുകൾ കേരളത്തിലെ മത്സ്യത്തൊഴിലാളികളെ കൊലചെയ്യുന്ന സമീപനം പ്രതിഷേധാർഹമാണ്. വിലക്കയറ്റത്തിനെതിരെ ഈ സർക്കാർ ഒരു നടപടിയും സ്വീകരിക്കുന്നില്ലെന്നത് ഖേദകരമാണ്. ഗവർണ്ണർ നിയമസഭയിൽ അവതരിപ്പിച്ച നയപ്രഖ്യാപനത്തിന് പാവപ്പെട്ട ജനങ്ങളുടെ ജീവിതവുമായി യാതൊരു ബന്ധവുമില്ല. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കണം. ധാരാളം അതോറിറ്റികളും കമ്മീഷനുകളും രൂപീകരിക്കുമെന്ന പ്രഖ്യാപനം ജനങ്ങളെ കബളിപ്പിക്കാനുള്ള ഒരു പരിപാടിയാണ്. നീതിപൂർവ്വകമായ സമഗ്ര വികസനത്തെ വരവേൽക്കുന്നതിന് ഒരു പുതിയ വിശ്വാസ പ്രമാണം ആവശ്യമാണെന്ന് പറഞ്ഞിരിക്കുന്നതിനെക്കുറിച്ച് വിശദമാക്കണം. 14000 പുതിയ റേഷൻ കടകളും 3000 സപ്ലൈകോ ഔട്ട്ലെറ്റുകളും വഴി നിത്യോപയോഗ സാധനങ്ങൾ ന്യായവിലയ്ക്ക് വിതരണം ചെയ്യാനായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ആവിഷ്ക്കരിച്ച പദ്ധതി അന്ന് കേന്ദ്ര ഗവൺമെന്റ് നിരാകരിക്കുകയും യു.ഡി.എഫ് ഗവൺമെന്റിന്റെ കഴിഞ്ഞ നയപ്രഖ്യാപനപ്രസംഗത്തിൽ ഉൾക്കൊള്ളിച്ചപ്പോൾ കേന്ദ്രം അത് അംഗീകരിക്കുകയും ചെയ്തത് വിരോധാഭാസമാണ്. കേന്ദ്ര ഗവൺമെന്റ് വെട്ടിക്കുറച്ച മണ്ണെണ്ണ വിഹിതം പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം. സപ്ലൈക്കോയിൽ വിപണി വിലയേക്കാൾ കൂടിയ വിലയ്ക്ക് വീണ്ടും കരാർ നൽകിയ നടപടി പരിശോധിക്കപ്പെടണം. രാജ്യത്ത് ഉത്പാദനം വർദ്ധിച്ചിട്ടുണ്ടെങ്കിലും വിതരണം കാര്യക്ഷമമായി നടക്കുന്നില്ല. 3 രൂപയ്ക്ക് അരി നൽകുമെന്ന കേന്ദ്ര ഗവൺമെന്റിന്റെ പ്രഖ്യാപനം നാളിതുവരെ പ്രാവർത്തി

കമാക്കിയിട്ടില്ല. ഇവിടെ വിലക്കയറ്റം നിയന്ത്രിക്കണമെങ്കിൽ പൊതുവിതരണ രംഗം കാര്യക്ഷമമാക്കുകയും ഒരു ഭക്ഷ്യനയം ആവിഷ്ക്കരിക്കുകയും ചെയ്യണം. അതിൽ പ്രതിപക്ഷം സഹകരിക്കാൻ തയ്യാറാണ്. സംസ്ഥാനത്ത് തകർന്നുകൊണ്ടിരിക്കുന്ന ക്രമസമാധാനനില പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. സി.പി. മുഹമ്മദ്: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. സർക്കാർ പ്രഖ്യാപിച്ച 100 ദിന കർമ്മ പരിപാടി, 14 ജില്ലകളിലും നടത്തിയ പൊതുജന സമ്പർക്ക പരിപാടി, ഒരു രൂപ നിരക്കിൽ 25 കിലോ അരി വിതരണം വരാനിരിക്കുന്ന ഒരു വർഷത്തെ കർമ്മ പരിപാടി എന്നിവ സ്വാഗതാർഹമാണ്. 10 പ്രധാനപ്പെട്ട പരിപാടികൾ പ്രായോഗികമാക്കുന്നതിനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു. 25 വർഷം മുന്നിൽ കണ്ടുകൊണ്ട് ഗതാഗതസൗകര്യം പരിഷ്ക്കരിക്കുവാനുള്ള ശ്രമങ്ങൾ ശ്രദ്ധേയമാണ്. മെട്രോ റെയിൽ, മോണോ റെയിൽ, മെഡിക്കൽ കോളേജ് എന്നിവയും കോടിക്കണക്കിന് രൂപയുടെ റോഡ് നവീകരണ പ്രവർത്തനങ്ങളും അഭിനന്ദനാർഹമാണ്. പി.എം.ജി.എസ്. വൈ.യുടെ ആയിരം കോടി രൂപയുടെ വർക്കുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. 3386 എം.പാനൽ ജീവനക്കാരെ. കെ.എസ്.ആർ.ടി.സി. സ്ഥിരപ്പെടുത്തുകയും ആയിരം ഡ്രൈവർമാരെ പുതുതായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. 50 വീടുകളുള്ള പട്ടികജാതി/പട്ടികവർഗ്ഗ കോളനികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ പ്രദാനം ചെയ്യുന്ന ബൃഹത്തായ പദ്ധതിക്ക് രൂപം കൊടുത്തത് സ്വാഗതാർഹമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പഞ്ചവത്സര പദ്ധതിയിൽ ആവിഷ്ക്കരിച്ച ഫണ്ട് ലാപ്സാകാതിരിക്കാനുള്ള ശ്രമം നടത്തിവരുന്നു. 140 മണ്ഡലങ്ങളിലും മാതൃകാ അംഗൻവാടികൾ സ്ഥാപി

ക്കാനും കോക്ലിയാർ ഇംപ്ലാന്റേഷൻ പദ്ധതി മുഖേന 5 ലക്ഷം രൂപ വീതം മൂന്ന് വയസ്സിന് താഴെയുള്ള കുട്ടികൾക്ക് നൽകാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. പാലക്കാട് ഐ.ഐ.ടി. ആരംഭിക്കാൻ തീരുമാനിച്ചത് പ്രശംസനീയമാണ്. രാജീവ്ഗാന്ധി വൈദ്യുതി യോജന പദ്ധതിയിലൂടെ കേരളത്തിലെ എല്ലാ നിയോജക മണ്ഡലങ്ങളും വൈദ്യുതീകരിക്കുന്നതിനുള്ള നടപടികൾ തുടരാൻ തീരുമാനിച്ചത് അഭിനന്ദനാർഹമാണ്. ശബരിമലയിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുവേണ്ടി 103 കോടി രൂപ ഇതിനകം സർക്കാർ ചെലവഴിച്ചതിനുപുറമേ 15 കോടി രൂപയുടെ മാസ്റ്റർപ്ലാനും തയ്യാറാക്കി. മലയാള സർവ്വകലാശാല ആരംഭിച്ചതും അദ്ധ്യാപക പാക്കേജ് നടപ്പാക്കിയതും പ്രശംസനീയമാണ്. കാൻസർ രോഗികൾക്കും കിഡ്നി ട്രാൻസ്പ്ലാന്റ് ചെയ്യുന്നവർക്കും വികലാംഗർക്കും ധനസഹായം നൽകുന്നതും ഒരു രൂപയ്ക്ക് 25 കിലോ അരി കൊടുക്കുന്നതും തുടരുന്ന നടപടി പ്രശംസനീയമാണ്.

ശ്രീ. പി.കെ. ഗുരുദാസൻ: നന്ദിപ്രമേയത്തെ എതിർക്കുന്നു. രാജ്യത്തിന്റെ സമ്പത്ത് ഉപയോഗിച്ച് കേരളത്തിന്റെ വികസന പ്രവർത്തനങ്ങൾ നടത്താൻ ലക്ഷ്യമിടുമ്പോൾ അതിനാവശ്യമായ സാമ്പത്തിക നയം പോലും ഈ നയപ്രഖ്യാപനത്തിൽ ഇല്ല. രാജ്യത്തിനകത്തും വിദേശത്തും സാമ്പത്തികമാന്ദ്യം രൂക്ഷമായ സാഹചര്യത്തിലും കേരളത്തിലെ സാമ്പത്തിക മാന്ദ്യത്തെപ്പറ്റി ഒരു വാക്കുപോലും നയ പ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടില്ല. രാജ്യത്തെ ഗ്രസിച്ചിരിക്കുന്ന ഏറ്റവും വലിയ വിപത്തുകളായ അഴിമതിക്കും വർഗ്ഗീയതയ്ക്കുമെതിരെ ശബ്ദമുയർത്തുന്നതിനെപ്പറ്റി സൂചിപ്പിക്കാത്തത് ഖേദകരമാണ്. കൊല്ലം ജില്ലയോട് കാണി

ക്കുന്ന അവഗണന അവസാനിപ്പിക്കണം. മൽസ്യത്തൊഴിലാളികളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയണം. യു. ഡി. എഫ്. സർക്കാരിന്റെ കാലത്ത് കർഷക ആത്മഹത്യകൾ പുനരാരംഭിക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്. കാർഷിക കടാശ്വാസ കമ്മിഷൻ ശുപാർശകളും വയനാട് പദ്ധതിയും നടപ്പിലാക്കാൻ കഴിയണം. ഇപ്പോൾ മത്സ്യത്തൊഴിലാളികളും ആത്മഹത്യയുടെ വക്കിലെത്തിയിരിക്കുകയാണ്. വിലക്കയറ്റം തടഞ്ഞുനിർത്താൻ ക്രിയാത്മകമായ നടപടി സ്വീകരിക്കണം. സാമ്പത്തിക വളർച്ച മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികളോ മാലിന്യ നിർമ്മാർജ്ജന പദ്ധതികളോ നടപ്പാക്കാൻ ഈ ഗവൺമെന്റിന് കഴിയുന്നില്ല. 70,000 ത്തോളം വരുന്ന അംഗൻവാടി ജീവനക്കാരുടെയും ആശാ വർക്കർമാരുടെയും കുടിശ്ശിക ശമ്പളം നൽകാനും അംഗൻവാടി ജീവനക്കാരുടെ പെൻഷനുൾപ്പെടെയുള്ള എല്ലാ ക്ഷേമ പെൻഷനുകളും ആയിരം രൂപയായി വർദ്ധിപ്പിക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുക്കുന്ന ജീവനക്കാർക്ക് മിനിമം കൂലി നടപ്പാക്കണം. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ വിറ്റഴിക്കുന്ന നിലപാട് അവസാനിപ്പിക്കണം. പ്ലാന്റേഷൻ ലേബർ ആക്ട് നടപ്പിലാക്കാനോ ആവശ്യമായ ഭേദഗതി കൊണ്ടുവരാനോ തയ്യാറാകണം. അസംഘടിത മേഖലയിലെ തൊഴിലാളികൾക്കാവശ്യമായ പദ്ധതി ആവിഷ്ക്കരിക്കുന്നതിനെപ്പറ്റി യാതൊന്നും നയപ്രഖ്യാനത്തിൽ പരാമർശിച്ചിട്ടില്ല. നഴ്സുമാർക്ക് മിനിമം കൂലിയും വർദ്ധിപ്പിച്ച ക്ഷാമബത്തയും കൊടുക്കാനാവശ്യമായ നടപടി സ്വീകരിക്കണം. നഴ്സുമാരുടേയും ആശുപത്രി ജീവനക്കാരുടേയും തൊഴിൽ സൗകര്യങ്ങൾ മെച്ചപ്പടുത്തുകയും ഇടക്കാലാശ്വാസം നൽകുകയും വേണം. രാജ്യത്ത്

വളർന്നുവരുന്ന അഴിമതി, വർഗ്ഗീയത, വിഘടനവാദം തുടങ്ങിയവ തടയാനാവശ്യമായ നടപടി സ്വീകരിക്കണം. ഇടതുപക്ഷവുമായി സഹകരിച്ച് കേരളത്തിന്റെ ഭാവി വികസനത്തിനുവേണ്ടി പ്രവർത്തിക്കാൻ സന്നദ്ധമാകണം.

**അറിയിപ്പ്**

മി. സ്പീക്കർ: ഫെബ്രുവരി 27-ാം തീയതി ചേർന്ന നിയമസഭാ കക്ഷി നേതാക്കന്മാരുടെ യോഗത്തിലുണ്ടായ തീരുമാനമനുസരിച്ച് നിയമസഭാ നടപടികൾ ഈ സമ്മേളനം മുതൽ വെബ്ക്കാസ്റ്റ് ചെയ്യുന്നുണ്ട്. കേരള നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റായ www.niyamasabha.org ഇന്നുമുതൽ നിയമസഭാനടപടികൾ പൂർണ്ണമായും തൽസമയമല്ലാതെ ടെലിക്കാസ്റ്റ് ചെയ്യുന്നവിവരം ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിക്കുന്നു. അതുകൊണ്ട് ഒരു മണിക്കൂർ ലൈവ് ടെലിക്കാസ്റ്റ് അല്ല ആ സമയത്ത് കാണിക്കുന്നത് എന്നുള്ള ജാഗ്രത വരുംസമ്മേളനത്തിൽ ഉണ്ടാകണമെന്ന് പൊതു നന്മയ്ക്കു വേണ്ടി എല്ലാപേരേയും ഓർമ്മിപ്പിക്കുന്നു. തൽസമയമല്ലെങ്കിലും പിന്നെ ഇത് കാണാനുള്ള അവസരം പബ്ലിക്കിന് ഉണ്ട്.

(സഭ വൈകുന്നേരം 4.00-ന് പിരിഞ്ഞു..)

***********